ആരോഗ്യവകുപ്പ് കാര്യാലയത്തിലെ

അഡീഷണൽ ഡയറക്ടർ (A & T) യുടെ നടപടിക്രമം

വിഷയം : ആ.വ.ഡ - ജീവനക്കാര്യം – ശ്രീ. ദിലീപ് കുമാർ. കെ. സി, ജെ. എച്ച്. ഐ ഗ്രേഡ്- 1 - 01.01.1997 മുതൽ 31.03.2000 വരെയുള്ള JHI Gr. II സീനിയോറിറ്റി പട്ടികയിലെ ഭാഗം – 1 ൽ തെറ്റായി രേഖപ്പെടുത്തിയത് റദ്ദ് ചെയ്ത് ഭാഗം – 2 ൽ ഉൾപ്പെടുത്തി സ്ഥാനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം : 1. ഉത്തരവ് നം. ഇ. എസ്1-14462/2015/ആ.വ.ഡ, തീയതി. 08.11.2018

2. കത്ത് നം. എ2-14800/2021/ജി.മെ.ഒ(കാസർകോഡ്), തീയതി. 01.10.2021

3. 16.12.2021 ലെ ഇതേ നമ്പർ നോട്ടീസ്

ഉത്തരവ് നം. ഇ.എസ്1/71324/2021/ആ.വ.ഡ/തീയതി : 03.01.2022

പരാമർശം 1 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി പട്ടികയിൽ SIC യോഗ്യതയുള്ള JHI Gr. II ന്റെ ഭാഗം -2 ലെ പട്ടികയിൽ സ്ഥാനം നൽകണമെന്നാവശ്യപ്പെട്ട് പരാമർശം 2 പ്രകാരം ശ്രീ. ദിലീപ് കുമാർ. കെ. സി JHI Gr. II അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ ടിയാനെ HIC യോഗ്യതയുള്ള JHI Gr. II തസ്തികയിലെ ജീവനക്കാരുടെ ഭാഗം- 1 ലെ പട്ടികയിൽ റാങ്ക് നം. 262 ആയി തെറ്റായി സ്ഥാനം നൽകിയിരുന്നു.

ശ്രീ. ദിലീപ് കുമാർ. കെ. സി. യുടെ സ്ഥാനം പരാമർശം 1 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി പട്ടികയിലെ ഭാഗം -1ൽ നിന്നും നീക്കം ചെയ്യാനും ഭാഗം -2 ൽ ശ്രീമതി. ഷീബ. എം (റാങ്ക് നം. 833) നും ശ്രീ. ശേഖരൻ. സി (റാങ്ക് നം. 834) നും മധ്യേ 833 A എന്ന സ്ഥാനം നൽകി ഉൾപ്പെടുത്തുന്നതിനും താത്ക്കാലികമായി തീരുമാനിച്ച് പരാമർശം 3 പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത നോട്ടീസിന്മേൽ യാതൊരുവിധ ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീ. ദിലീപ് കുമാർ. കെ. സി. യെ പരാമർശം 1 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ന്റെ 01.01.1997 മുതൽ 31.03.2000 വരെയുള്ള സീനിയോറിറ്റി പട്ടികയിലെ ഭാഗം -1 ൽ റാങ്ക് നം. 262 ആയി നൽകിയിട്ടുള്ള സ്ഥാനം റദ്ദ് ചെയ്ത് ടിയാനെ ടി സീനിയോറിറ്റി പട്ടികയിലെ ഭാഗം -2 ൽ ശ്രീമതി. ഷീബ. എം (റാങ്ക് നം. 833) നും ശ്രീ. ശേഖരൻ. സി (റാങ്ക് നം. 834) നും മധ്യേ 833 A എന്ന സ്ഥാനം പരാമർശം 3 പ്രകാരം താൽക്കാലികമായി നൽകിയ നടപടി സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 1 ലെ ഉത്തരവ് ഇപ്രകാരം ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഒപ്പ്/-

ഡോ. റീന. കെ. ജെ

ആരോഗ്യവകുപ്പ് അഡിഷണൽ ഡയറക്ടർ (A&T)

പകർപ്പ്

1. ബന്ധപ്പെട്ട എല്ലാവർക്കും
   (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. സീനിയർ സൂപ്രണ്ട്, ഇ. ജി. സെക്ഷൻ
3. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്